# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1602 — 05.02.2019 ലെ മറുപടിക്ക്

**ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട വീടുകളുടെ പുനഃനിർമ്മാണത്തിന് എൻ.ഒ.സി.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതും എന്നാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ പൂർണ്ണമായി തകർന്നതുമായ വീടുകൾ ഉൾപ്പെടുന്ന ഭൂമി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുന്ന കാരണത്താൽ പ്രസ്തുത വീടുകൾ പുനഃനിർമ്മിക്കുന്നതിന് എൻ.ഒ.സി. അനുവദിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ജില്ലാതല അധികൃത സമിതിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും ഇക്കാര്യത്തിൽ എൻ.ഒ.സി. നൽകുന്നതിനുള്ള സാങ്കേതിക-നിയമ തടസ്സങ്ങൾ ഒഴിവാക്കുന്നതിനും സമയബന്ധിതമായി പ്രളയത്തിൽ തകർന്ന വീടുകൾ പുനഃനിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ആർ.ഡി.ഒ.യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ